"ഭരണഭാഷ – മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

ഉന്നത വിദ്യാഭ്യാസം – സാങ്കേതികം – ബിടെക് സ്പോട്ട് അഡ്മിഷൻ 2019 – മോപ് അപ്പ് കൗൺസിലിങ്ങിന് ശേഷമുള്ള ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ – സമയപരിധി ദീർഘിപ്പിച്ചു നൽകി കൊണ്ട് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പ്**

**സ.ഉ.(സാധാ)നം.1472/2019/ഉ.വി.വ** **തീയതി, തിരുവനന്തപുരം, 19.08.2019**

പരാമർശം: 1) 13.08.2019 ലെ പ്രവേശന പരീക്ഷ കമ്മീഷണറുടെ പ്ര.പ.ക/5454/2018/കീം 2019/റ്റി.എ 1 നമ്പർ കത്ത്.

2) 13.08.2019 ലെ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ ACB1/30826/2019/DTE നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ സർക്കാർ/സർക്കാർ എയ്ഡഡ്/സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ/സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലേയ്ക്ക് മോപ് അപ്പ് കൗൺസിലിങ്ങിന് ശേഷമുള്ള നൂറോളം ഒഴിവുകളിലേയ്ക്ക് 14.08.2019 ന് സ്പോട്ട് അഡ്മിഷൻ നടത്തുവാൻ നിശ്ചയിച്ചിരുന്നു. വിവിധ ജില്ലകളിൽ മഴകെടുതി മൂലം യാത്രാബദ്ധിമുട്ടുള്ളതിനാൽ ബി.ടെക് ആർക്കിടെക്ചർ കോഴ്സുകളിലേയ്ക്ക് പ്രവേശന നടപടികൾ പൂർത്തിയാക്കുന്നതിന് സമയം ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (1) പ്രകാരം പ്രവേശന പരീക്ഷ കമ്മീഷണറും, പരാമർശം (2) പ്രകാരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറും ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരളത്തിലെ വിവിധ ജില്ലകളിൽ മഴക്കെടുതി മൂലമുണ്ടായ പ്രതികൂല കാലാവസ്ഥ കാരണം വിദ്യാർത്ഥികൾക്ക് നിശ്ചയിച്ച തീയതിയ്ക്കകം കോളേജുകളിൽ അലോട്ട്മെന്റ് പ്രകാരം പ്രവേശനം നേടാൻ കഴിയാത്ത സാഹചര്യം കണക്കിലെടുത്ത്, 2019-20 അധ്യയന വർഷത്തെ എഞ്ചിനീയറിംഗ് – ആർക്കിടെക്ചർ പ്രവേശന നടപടികൾ ആഗസ്റ്റ് 22 വരെ ദീർഘിപ്പിച്ച് നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രവേശന നടപടികൾ ഈ കാലപരിധിക്കുള്ളിൽ പൂർത്തിയാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല.എസ്**

**അണ്ടർ സെക്രട്ടറി**

പകർപ്പ്:

പ്രവേശന പരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം.

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ, വിവര – പൊതുജനസമ്പർക്ക വകുപ്പ്.

www.highereducation.kerala.gov.in

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ